# കേരള സർവകലാശാല

നം.പി.ആർ.276/2018 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ. (എഫ്.ഡി.പി. സി.ബി.സി.എസ്) 2016 അഡ്മിഷൻ - റഗുലർ, 2015 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്, 2014 & 2013 അഡ്മിഷൻ-സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2019 ജനുവരി 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

2018 ജൂലൈയിൽ നടത്തിയ ബി.എ. (ആന്വൽ സ്കീം) പാർട്ട് I, II, ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് I, II, III സബ്സിഡിയറി സ്റ്റാറ്റിസ്റ്റിക്സ് & അക്കൗണ്ടിംഗ് പരീക്ഷകളുടെ ഫലവും കരട് മാർക്ക്ലിസ്റ്റും വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2019 ജനുവരി 18 വരെ അപേക്ഷിക്കാം. സെപ്റ്റംബർ/ഒക്ടോബർ 2018 സെഷനിലെ പരീക്ഷയ്ക്ക് പിഴ കൂടാതെ 2019 ജനുവരി 10 വരെയും 50 രൂപ പിഴയോടെ ജനുവരി 14 വരെയും 125 രൂപ പിഴയോടെ ജനുവരി 16 വരെയും അപേക്ഷിക്കാം.

### പരീക്ഷ

2019 ജനുവരിയിൽ ആരംഭിക്കുന്ന മൂന്ന്, അഞ്ച് സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം) സപ്ലിമെന്ററി, അഞ്ചാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകൾക്ക് ഓൺലൈനായി ഡിസംബർ 20 മുതൽ അപേക്ഷിക്കാം. പിഴ കൂടാതെ 2019 ജനുവരി 7 വരെയും 50 രൂപ പിഴയോടെ ജനുവരി 9 വരെയും 125 രൂപ പിഴയോടെ ജനുവരി 11 വരെയും അപേക്ഷിക്കാം.

### ടൈംടേബിൾ

ബി.ഡെസ്സ് മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകൾ 2019 ജനുവരി 7 നും ഒന്നാം സെമസ്റ്റർ പരീക്ഷകൾ ജനുവരി 10 നും ആരംഭിക്കുന്നതാണ്. ടൈംടേബിൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

2018 ഡിസംബർ 21 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ 2019 ജനുവരി 7 ന് നടത്തുന്നതാണ്.

2018 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവ പരീക്ഷകൾ 2019 ജനുവരി 3, 4 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം (CACEE) നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത : പ്രീഡിഗ്രി/പ്ലസ് ടു, കോഴ്സ് കാലാവധി: ആറ് മാസം, ഫീസ്: 7,500 രൂപ, ക്ലാസ്സ് : ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ, ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷാഫോമിന് സർവകലാശാലാ സെനറ്റ് ക്യാമ്പസിലുള്ള എസ്.ബി.ഐ അക്കൗണ്ട് നമ്പറിൽ (57002299878) 100 രൂപ അടച്ച രസീത് സഹിതം പി.എം.ജി. ജംഗ്ഷനിലെ സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലുള്ള CACEE ഓഫീസിൽ നേരിട്ട് ബന്ധപ്പെടണം. വിശദവിവരങ്ങൾക്ക്: 0471–2302523. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 2019 ജനുവരി 8.

തിരുവനന്തപുരം.
19.12.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098